# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
## ബിവറേജസ് കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലെ ക്രമക്കേടുകൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1114 | 30.10.2019-ൽ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ.ടി.പി.രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പമന്ത്രി

(എ) ബിവറേജസ് കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിന് കോർപ്പറേഷനിൽ നിലവിലുള്ള സംവിധാനം എന്താണ്; ഇത് കാര്യക്ഷമമാണോ;

(എ) ഇന്റേണൽ ആഡിറ്റർ തലവനായ ഒരു സ്വതന്ത്ര ഇന്റേണൽ ആഡിറ്റ് വകുപ്പാണ് കെ.എസ്.ബി.സിയ്ക്കുള്ളത്. ഇന്റേണൽ ആഡിറ്ററുടെ റിപ്പോർട്ടുകൾ നേരിട്ടാണ് എം.ഡിയ്ക്ക് സമർപ്പിക്കുന്നത്. കെ.എസ്.ബി.സിയുടെ എല്ലാ പ്രവർത്തി ക്രമങ്ങളും, നയങ്ങളും കൃത്യമായി പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് ഇന്റേണൽ ആഡിറ്റ് വകുപ്പ് പരിശോധിക്കുന്നു. ഇതിൽ എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ മാനേജിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. നിലവിൽ ഇന്റേണൽ ആഡിറ്റ് വകുപ്പിൽ 82 ജീവനക്കാരാണുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സിയുടെ ഇന്റേണൽ ആഡിറ്റ് വിഭാഗം 6343 പരിശോധനകൾ നടത്തിയിട്ടുണ്ട്. സ്റ്റോക്കിലും, വില്പനതുകയിലും ഏകദേശം 5.56 കോടി രൂപയുടെ കുറവ് കണ്ടെത്തുകയും, ടി കാലയളവിൽ ബാധ്യതയിനത്തിൽ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും 2.94 കോടി രൂപ തിരിച്ചു പിടിച്ചിട്ടുമുണ്ട്. 68 പരിശോധനകളിൽ ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതായി കണ്ടെത്തുകയും, 81 പരിശോധനകളിൽ ചില മദ്യയിനങ്ങൾ പൂഴ്ത്തി

വയ്ക്കുന്നതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനു പുറമെ, പിഴയായി 51 ലക്ഷം രൂപയും ഈടാക്കിയിട്ടുണ്ട്.

**(ബി)** ബിവറേജസ് കോർപ്പറേഷന്റെ പാറശ്ശാലയിലെ വില്പന കേന്ദ്രത്തിൽ കുറഞ്ഞ വിലയുള്ള മദ്യം കൂടിയ വില ഈടാക്കി വില്പന നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

**(ബി)** കെ.എസ്.ബി.സി എഫ്. എൽ-1-1001 പാറശ്ശാല ചില്ലറ വില്പനശാലയിലെ ചില ജീവനക്കാർ ഉപഭോക്താക്കളിൽ നിന്നും വില കൂടിയ മദ്യത്തിന്റെ വില ഈടാക്കിയശേഷം വില കുറഞ്ഞ മദ്യം നൽകിയതായി കെ.എസ്.ബി.സിയുടെ ആഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുമായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(സി)** ബില്ലിംഗ് സോഫ്റ്റ് വെയറിലെ പാളിച്ചകൾ മുതലാക്കി നടത്തുന്ന ഇത്തരം കൃത്രിമത്വം കണ്ടെത്തുന്നതിന് വില്പന കേന്ദ്രങ്ങളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**(സി)** കെ.എസ്.ബി.സിയുടെ എഫ്. എൽ-1-ചില്ലറ വില്പനശാലകളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനായി ഇന്റേണൽ ആഡിറ്റ് വിഭാഗം നിരന്തരം മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**